LIBRARY ARCHIVES Kerala Legislative Assembly

നീര ടോഡി ബോർഡ്

94 (2913) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീര ടോഡി ബോർഡ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ ?

ഉത്തരം

തെങ്ങുകൃഷി കൂടുതൽ ആദായകരമായി നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നതിനും നീരയെ ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതരഭാഗങ്ങളിലും വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുകയെന്ന ലക്ഷ്യത്തോടുംകൂടി കൃഷി-എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച്, കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളീകേര നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-5-2015-ൽ കൂടിയ ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി ബോർഡിനെ നിലവിലുള്ള ഉദ്ദേശലക്ഷ്യത്തോടുകൂടി പുനഃസംഘടിപ്പിച്ച് നീര ബോർഡും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ടോഡി ബോർഡും രൂപീകരിക്കുവാൻ 22-6-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 111/2015/കൃഷി ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

നീര ഉൽപ്പാദനത്തിന് ലൈസൻസ്

95 (2914) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീര ഉൽപ്പാദനത്തിന് ലൈസൻസ് നൽകിയത് സംബന്ധിച്ചുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിലെ എത്ര സംഘങ്ങൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ ലൈസൻസിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ഡി) എത്ര അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?